പത്രക്കുറിപ്പ്
25-8-2020

**അയൽക്കൂട്ട കുടുംബങ്ങൾക്ക്**
**കുടുംബശ്രീ ഉൽപന്ന കിറ്റ്**

# 'കരുതൽ' സംസ്ഥാനതല ഉൽപന്ന വിപണന ക്യാമ്പെയ്നുമായി കുടുംബശ്രീ

തിരുവനന്തപുരം: കോവിഡ് 19 ഭാഗമായുള്ള ലോക്ക് ഡൗണിനെ തുടർന്ന് നഷ്ടത്തിലായ കുടുംബശ്രീ സംരംഭകർക്ക് ആശ്വാസവും ആത്മവിശ്വാസവും നൽകുന്നതിനായി സംഘടിപ്പിക്കുന്ന 'കരുതൽ' സംസ്ഥാനതല ഉൽപന്ന വിപണന ക്യാമ്പെയന്റെ ഭാഗമായി കുടുംബശ്രീ ഓണകിറ്റുകൾ തയ്യാറാക്കി അയൽക്കൂട്ടങ്ങളിൽ വിതരണം ചെയ്യുന്നു. കേരളത്തിൽ ആകെ മൂന്ന് ലക്ഷം അയൽക്കൂട്ടങ്ങളിലായി 43 ലക്ഷം അംഗങ്ങളുണ്ട്. ഇതിന്റെ ഭാഗമായി ഓരോ ജില്ലയിലും അതത് ജില്ലാമിഷന്റെ നേതൃത്വത്തിൽ കിറ്റുകൾ വിതരണത്തിന് തയ്യാറായി വരികയാണ്. ക്യാമ്പെയ്ൻ സെപ്റ്റംബർ 30ന് അവസാനിക്കും.

അരിപ്പൊടി, ആട്ടമാവ്, മല്ലിപ്പൊടി, സാമ്പാർ പൊടി, മുളക്പൊടി, വെളിച്ചെണ്ണ, അച്ചാർ എന്നിവയുൾപ്പെടെ 21 ഉൽപന്നങ്ങളാണ് കിറ്റിലുള്ളത്. കിറ്റൊന്നിന് 500 രൂപയാണ് ഓരോ അയൽക്കൂട്ട അംഗവും നൽകേണ്ടത്. ഈ തുക പരമാവധി 20 തവണകളായി അയൽക്കൂട്ടങ്ങളിൽ അടച്ചാൽ മതിയാകും. അയൽക്കൂട്ട അംഗങ്ങളല്ലാത്തവർക്കും കുടുംബശ്രീയുടെ കിറ്റ് വാങ്ങാനാകും.

സംരംഭകരിൽ നിന്നും ഉൽപന്നങ്ങളുടെ വിശദാംശങ്ങളും വിലവിവരവും ശേഖരിച്ചത് ജില്ലാമിഷനുകളാണ്. ഇക്കാര്യം സിഡിഎസുകളെയും അറിയിച്ചിട്ടുണ്ട്. അയൽക്കൂട്ടങ്ങൾക്ക് ആവശ്യമുള്ള കിറ്റുകളുടെ എണ്ണം ജില്ലാമിഷനെ അറിയിക്കാനുള്ള ചുമതലയും കിറ്റിൽ ഉൾപ്പെടുത്താനുള്ള പച്ചക്കറി സമാഹരണവും നിർവഹിക്കേണ്ടത് സിഡിഎസുകളാണ്. നിലവിൽ കാർഷിക-കാർഷികേതര മേഖലകളിലെ വിവിധ സംരംഭങ്ങളിൽ നിന്നുള്ള ഉൽപന്നങ്ങൾ ശേഖരിച്ച് കിറ്റുകളിൽ പായ്ക്കു ചെയ്യുന്ന പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

കോവിഡ് പ്രതിസന്ധിയെ തുടർന്ന് മാന്ദ്യം നേരിട്ട സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കുക, കാർഷിക സൂക്ഷ്മസംരംഭ മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭകരെ പ്രോത്സാഹിപ്പിക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ടാണ് 'കരുതൽ' ഉൽപന്ന വിപണന ക്യാമ്പെയ്ൻ സംഘടിപ്പിക്കുന്നത്. ഇതു പ്രകാരം ഓണം വിപണി പരമാവധി പ്രയോജനപ്പെടുത്തി കൊണ്ട് സംരംഭകർ ഉൽപാദിപ്പിച്ച ഉൽപന്നങ്ങൾ അയൽക്കൂട്ട അംഗങ്ങൾക്കു തന്നെ വിറ്റഴിച്ചു കൊണ്ട് വരുമാനം നേടുകയാണ് ലക്ഷ്യം. ക്യാമ്പെയ്ൻ വഴി അഞ്ചു കോടി രൂപ നേടാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ